# കേരള സർവകലാശാല

നം. പി.ആർ.284/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പത്രവാർത്ത കെട്ടിചമച്ചത്

കേരള സർവകലാശാല വൈസ്ചാൻസലർ പ്രൊഫ. പി. കെ. രാധാകൃഷ്ണൻ ബഹുമാനപ്പെട്ട കേരള ഗവർണ്ണറുമായി നടത്തിയ കൂടികാഴ്ചയെക്കുറിച്ച് മാതൃഭൂമി ദിനപത്രത്തിൽ ഡിസംബർ 29-ാം തീയതി 13-ാം പേജിൽ വന്ന വാർത്ത വാസ്തവ വിരുദ്ധവും തീർത്തും തെറ്റിദ്ധാരണാജനകവുമാണ്. കൂടി കാഴ്ചയ്ക്കിടെ അദ്ധ്യാപക നിയമന വിവാദം ചർച്ച ചെയ്തുവെന്നും പുതിയ നിയമനങ്ങൾ ഒന്നും തിടുക്കത്തിൽ നടത്തേണ്ടതില്ലെന്നും ഗവർണ്ണർ വൈസ്ചാൻസലറോട് ആവശ്യപ്പെട്ടുവെന്നുമാണ് ഈ ദിനപത്രം റിപ്പോർട്ട് ചെയ്തിരിക്കുന്നത്. 105 അദ്ധ്യാപക തസ്തികകളിലേയ്ക്ക് സർവകലാശാല കഴിഞ്ഞ മാസം ഇറക്കിയ വിജ്ഞാപനമനുസരിച്ച് അപേക്ഷിച്ച എല്ലാ ഉദ്യോ ഗാർത്ഥികളെയും ആശങ്കയിലാഴ്ത്തുന്ന തരത്തിൽ പത്രവാർത്ത കെട്ടിചമ യ്ക്കുന്നതിലൂടെ സർവകലാശാലയെ കരിവാരി തേയ്ക്കാൻ ശ്രമിക്കുന്ന ലോബിയോടൊപ്പമാണ് മാതൃഭൂമി ദിനപത്രമെന്ന് വീണ്ടും തെളിഞ്ഞിരിക്കുക യാണ്. ഗവർണ്ണറുമായുള്ള കൂടികാഴ്ചയ്ക്കിടെ അദ്ധ്യാപക നിയമനം ചർച്ചയ്ക്ക് വന്നില്ലന്നിരിക്കെ സത്യസന്ധമായ വാർത്തകൾ നൽകാതെ കെട്ടിച മയ്ക്കുന്ന രീതി ഉപേക്ഷിക്കാൻ മാതൃഭൂമി തയ്യാറാകണം. പത്രധർമത്തിന് വിരുദ്ധമായ ഇത്തരം പ്രവൃത്തികളിൽ നിന്ന് പിന്തിരിയണമെന്നും വാർത്ത പിൻവലിച്ച് മാതൃഭൂമി ഖേദം പ്രകടിപ്പിക്കണമെന്നും വൈസ് ചാൻസലർ പത്ര ക്കുറിപ്പിലൂടെ അറിയിച്ചു.

## ബി.ടെക് ഫലം

കേരള സർവകലാശാല 2017 ജനുവരിയിൽ നടത്തിയ ആറാം സെമസ്റ്റർ ബി. ടെക് ഡിഗ്രി എക്സാമിനേഷൻ (2008 സ്കീം) (സപ്ലിമെന്ററി, ട്രാൻസിറ്ററി, മേഴ്സിചാൻസ്) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺല നായി അപേക്ഷിക്കേണ്ട അവസാന തീയതി ജനുവരി 17.

## എം.എ ഫലം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം ജൂലൈയിൽ നടത്തിയ ഒന്നും രണ്ടും വർഷ എം.എ ഹിസ്റ്ററി സപ്ലിമെന്ററി പരീക്ഷയുടെയും മേഴ്സി ചാൻസ് പരീക്ഷയുടെയും ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതല്ല

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസകേന്ദ്രം നടത്തുന്ന ബി.കോം കോഴ്സിന് ആലപ്പുഴ സെന്ററിൽ ഡിസംബർ 30, 31 തീയതികളിൽ ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതല്ല.

## എം.ഫിൽ ഫലം

കേരള സർവകലാശാല ഒക്ടോബറിൽ നടത്തിയ എം.ഫിൽ ഹിന്ദി ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ 2016-17 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

## തീയതി നീട്ടി

കേരള സർവകലാശാല അറബിക് വിഭാഗം നടത്തിവരുന്ന കമ്മ്യൂണിക്കേറ്റീവ് അറബിക് സർട്ടിഫിക്കറ്റ് കോഴ്സിന്റെ 2018 ജനുവരിയിൽ തുടങ്ങുന്ന ബാച്ചിലേക്ക് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി ജനുവരി മൂന്നിലേക്ക് നീട്ടി. വിശദവിവരങ്ങൾക്ക് ഫോൺ: 9446827141.

## എം.എ ഫലം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം ജൂലൈയിൽ നടത്തിയ പ്രീവിയസ് /ഫൈനൽ എം.എ സോഷ്യോളജി സപ്ലിമെന്ററി, എം.എ ഹിന്ദി സപ്ലിമെന്ററി പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സ്റ്റാർട്ടപ്പ് പരിശീലനം

തിരുവനന്തപുരം കേരള യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ, തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെയും കേരള സ്റ്റാർട്ടപ്പ് മിഷന്റെയും സഹകരണത്തോടെ അവസാന വർഷ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കും, എഞ്ചിനിയറിംഗ് ബിരുദധാരികൾക്കുമായി 2018 ജനുവരി 19, 20 തീയതികളിൽ സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് രണ്ട് ദിവസത്തെ സൗജന്യ പരിശീലനം നൽകുന്നു. കേരള യൂണിവേഴ്സിറ്റിയുടെയും സാങ്കേതിക സർവകലാശാലയുടെയും കീഴിലുള്ള കോളേജുകളിലെ വിദ്യാർത്ഥികൾക്കും, എഞ്ചിനിയറിംഗ് ബിരുദധാരികൾക്കുമാണ് പരിശീലനത്തിൽ പങ്കെടുക്കുവാൻ അർഹതയുള്ളത്. പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ പി.എം.ജി.യിലുള്ള യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുമായി ബന്ധപ്പെടുക. ബന്ധപ്പെടേണ്ട നമ്പർ - 0471-2304577.

## മാർക്ക് ലിസ്റ്റുകൾ കൈപ്പറ്റണം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ കേന്ദ്രം ജൂലൈയിൽ നടത്തിയ എം.എ ഫിലോസഫി സപ്ലിമെന്ററി പരീക്ഷയുടെ മാർക്ക് ലിസ്റ്റുകൾ പാളയം എസ്.ഡി.ഇ ഓഫീസിൽ നിന്നും ജനുവരി 3,4 തീയതികളിൽ ഹാൾടിക്കറ്റുമായി വന്ന് കൈപ്പറ്റേണ്ടതാണ്.

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ കേന്ദ്രം ആഗസ്റ്റിൽ നടത്തിയ ഒന്നാം സെമസ്റ്റർ കമ്പ്യൂട്ടർസയൻസ് സപ്ലിമെന്ററി പരീക്ഷയുടെ മാർക്ക് ലിസ്റ്റുകൾ പാളയം എസ്.ഡി.ഇ ഓഫീസിൽ നിന്നും ജനുവരി 3,4 തീയതികളിൽ ഹാൾടിക്കറ്റുമായി വന്ന് കൈപ്പറ്റേണ്ടതാണ്.

തിരുവനന്തപുരം.
29.12.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

**അംഗീകാരത്തോടെ,**

**സെക്ഷൻ ഓഫീസർ**

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**